(ബി) വില്ലേജ് താലൂക്ക് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ ജനകീയവും സുതാര്യവുമാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) പൊതുജനങ്ങൾക്ക് മന്ത്രിയുമായി നേരിട്ട് പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിനും തീർപ്പ് കൽപ്പിക്കുന്നതിനുമായാണ് സ്ഥിരം സംവിധാനങ്ങൾക്കു പുറമേ റവന്യൂ അദാലത്ത് നടത്തിയിട്ടുള്ളത്. ഇത്തരത്തിൽ അദാലത്തുകൾ 6 മാസത്തിലൊരിക്കൽ നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) വില്ലേജ്-താലൂക്ക് ഓഫീസുകളുടെ പ്രവർത്തനം ജനകീയവും സുതാര്യവും ആക്കുന്നതിന്റെ ഭാഗമായി റവന്യൂ വകുപ്പിൽനിന്നും നൽകിവരുന്ന 23 സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകിവരുന്നു. Online Transfer of Registry (പോക്കുവരവ്) വിവിധ ജില്ലകളിൽ നടപ്പാക്കി വരുന്നു. പൂർണ്ണമായ കടലാസുരഹിത പോക്കുവരവ് സംവിധാനം നടപ്പിലാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഓരോ Smart Village Office സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. വിവിധ നികുതികൾ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനവും താമസിയാതെ നടപ്പാക്കുന്നതാണ്. ഇതു മുഖേന പൗരന് ഏതു സമയത്തും എവിടെവച്ചും സേവനം ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു.

ലൈറ്റ് മെട്രോ പദ്ധതി

23 (T*113) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. വി. ശശി :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലൈറ്റ് മെട്രോ പദ്ധതി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ഈ പദ്ധതി ഡി.എം.ആർ.സി. അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അംഗീകരിക്കാത്തതെന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ :

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ലൈറ്റ് മെട്രോ പദ്ധതി സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കിയാലുണ്ടാകുന്ന ഭവിഷ്യത്തുകളെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ലൈറ്റ് മെട്രോ പദ്ധതി കൊച്ചി മെട്രോ മാതൃകയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) അംഗീകരിച്ചിട്ടില്ല. ഹൈദ്രാബാദ് മെട്രോ, മുംബൈ മെട്രോ ലൈൻ 1&2, ഡൽഹി എയർപോർട്ട് മെട്രോ എന്നീ മെട്രോ പദ്ധതികൾ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കിയതിൽ വലിയ കാലതാമസവും, വൻ സാമ്പത്തിക നഷ്ടവും ഉളവായി എന്ന് ഡി.എം.ആർ.സി. പ്രിൻസിപ്പൽ അഡ്വൈസർ ഡോ.ഇ.ശ്രീധരൻ അഭിപ്രായപ്പെട്ടിരുന്നു. തിരുവനന്തപുരം, കോഴിക്കോട്, ലൈറ്റ് മെട്രോ പദ്ധതികളിൽ കാലതാമസവും സാമ്പത്തികനഷ്ടവും ഉണ്ടാകാതിരിക്കാൻ വേണ്ടിയാണ് ഡി.എം.ആർ.സി. പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള മാതൃകയിൽ നടപ്പാക്കരുത് എന്ന് ശിപാർശ ചെയ്തിരിക്കുന്നത്.

(സി) 18-5-2015-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. വ്യവസായ, ഇൻഫർമേഷൻ ടെക്നോളജി വകുപ്പുമന്ത്രി, ബഹു. ഊർജ്ജ വകുപ്പുമന്ത്രി, ബഹു. ധനകാര്യ, നിയമ, ഭവന വകുപ്പുമന്ത്രി, ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി, ബഹു. ആരോഗ്യ, കുടുംബക്ഷേമ ദേവസ്വം വകുപ്പുമന്ത്രി എന്നിവരും കെ.എം.സി.എൽ., ഡി.എം.ആർ.സി. ഉദ്യോഗസ്ഥരും പങ്കെടുത്ത യോഗം ഇത് സംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഹൈദ്രാബാദ് മെട്രോ, മുംബൈ മെട്രോ ലൈൻ 1&2, ഡൽഹി എയർപോർട്ട് മെട്രോ എന്നീ മെട്രോ പദ്ധതികൾ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കിയതിൽ വലിയ കാലതാമസവും വൻ സാമ്പത്തിക നഷ്ടവും ഉളവായി എന്ന് ഡോ. ഇ. ശ്രീധരൻ അഭിപ്രായപ്പെട്ടു.

റോഡ് യൂസർ പെർസെപ്ഷൻ സർവ്വേ

24 (*114) ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് യൂസർ പെർസെപ്ഷൻ സർവ്വേ നടത്താൻ കെ.എസ്.ടി.പി. ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly